# പതിമൂന്നാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം : 2762 — 20-07-2011-ൽ മറുപടിക്ക്

## ഊർജ്ജ സംരക്ഷണ അവാർഡുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി. ഡി. സതീശൻ<br>„ സി. പി. മുഹമ്മദ്<br>„ പി. എ. മാധവൻ<br>„ എ. പി. അബ്ദുള്ളക്കുട്ടി | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് ഊർജ്ജ സംരക്ഷണ അവാർഡുകൾ നൽകി വരുന്നുണ്ടോ ; | (എ) ഉണ്ട്. |
| (ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണ് ; | (ബി) സംസ്ഥാനത്ത് ഊർജ്ജ കാര്യക്ഷമ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും മികച്ച പ്രവർത്തനങ്ങൾ അംഗീകരിക്കുന്നതിനുമാണ് ഊർജ്ജ സംരക്ഷണ അവാർഡുകൾ ഏർപ്പെടുത്തിയിരിക്കുന്നത്. വൻകിട-ഇടത്തരം-ചെറുകിട വ്യവസായസ്ഥാപനങ്ങൾ, ലാഭേച്ഛയില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ, ഊർജ്ജ കാര്യക്ഷമത കൂടിയ വൈദ്യുതോപകരണങ്ങൾ ഉല്പാദിപ്പിക്കുകയും വിതരണം ചെയ്യുകയും ചെയ്യുന്ന സ്ഥാപനങ്ങൾ. ഊർജ്ജ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനാവശ്യമായ സാങ്കേതിക വിദ്യ വികസിപ്പിക്കുന്ന സ്ഥാപനങ്ങൾ, ഈ രംഗത്ത് പ്രവർത്തിക്കുന്ന മറ്റു സ്ഥാപനങ്ങൾ, വ്യക്തികൾ എന്നിങ്ങനെ വിവിധ വിഭാഗങ്ങളിലായാണ് അവാർഡുകൾ നൽകുന്നത്. |
| (സി) ഊർജ്ജ സംരക്ഷണ ഫണ്ട് രൂപവൽക്കരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ? | (സി) സംസ്ഥാന സർക്കാരുകൾ കാര്യക്ഷമമായ ഊർജ്ജോപയോഗം പ്രോത്സാഹിപ്പിക്കുന്നതിനും ഊർജ്ജ സംരക്ഷണം സാദ്ധ്യമാക്കുന്നതിനും ഊർജ്ജ സംരക്ഷണ നിധി രൂപീകരിക്കണമെന്ന് |

കേന്ദ്ര ഊർജ്ജ സംരക്ഷണ നിയമം അനുശാസിക്കുന്നു. കേരളത്തിൽ 27.03.2010-ലെ ജി.ഒ.(പി) 7/2010/ഉവ നമ്പർ സർക്കാർ ഉത്തരവിൻ പ്രകാരം നിധി രൂപീകരിച്ച് ചട്ടങ്ങൾ വിജ്ഞാപനം ചെയ്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ